"ഭരണഭാഷ- മാതൃഭാഷ".

കേരള സർക്കാർ

നം.എസ്.എ4/115/2023/പൊഭവ

പൊതുഭരണ (സർവ്വീസസ്-എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 16-05-2025

# Appendix H4

പൊതുഭരണ സെക്രട്ടേറിയറ്റിൽ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിലിക്കെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും നിലവിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്ന ശ്രീമതി.ഷമി ഷൗക്കത്ത് എന്ന താങ്കൾക്ക് കെ.എസ്.ആർ ഭാഗം 1 അനുബന്ധം 12 എ 'Employment Abroad or Within India' പ്രകാരം ആകെ 15 വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിച്ച് നൽകിയിട്ടുണ്ടായിരുന്നു. ടി അവധിയ്ക്ക് തുടർച്ചയായി 07.05.2023 മുതൽ 5 വർഷത്തേക്ക് കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകണമെന്ന് താങ്കൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, 05.11.2020-ലെ സ.ഉ.(അ) നം.152/2020-ധന നമ്പർ ഉത്തരവ് പ്രകാരം 20 വർഷം ശൂന്യവേതനാവധി എന്നുള്ളത് 5 വർഷമായി ചുരുക്കിയിട്ടുള്ളതിനാലും താങ്കൾ 04.04.2023 നാണ് അവധി ദീർഘിപ്പിക്കുന്നതിനായുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നതിനാലും 30.12.2020 ലെ 83/2020/ധന നം സർക്കുലർ ഖണ്ഡിക 4 ന്റെ ആനുകൂല്യം നൽകാനാവില്ലായെന്നും അവധി അനുവദിക്കുവാൻ നിർവ്വാഹമില്ലായെന്നും ആയതിനാൽ, അടിയന്തിരമായി ജോലിയിൽ തിരികെ പ്രവേശിക്കേണ്ടതാണെന്നും താങ്കളെ അറിയിച്ചിരുന്നു. എന്നാൽ, നാളിതുവരെ ജോലിയിൽ തിരികെ പ്രവേശിച്ചതായോ രേഖാമൂലം വിശദീകരണം ഈ വകുപ്പിൽ ലഭ്യമാക്കിയതായോ കാണുന്നില്ല. അവധി കാലയളവ് കഴിഞ്ഞിട്ടും ജോലിക്ക് ഹാജരാകാതെ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടുനിൽക്കുന്നതിനാലും, താങ്കൾ ചട്ടം പ്രകാരമുള്ള രാജി അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിലും, താങ്കൾക്കെതിരെ കെ.എസ്.ആർ ഭാഗം 1, അനുബന്ധം 12 എ, ചട്ടം 9 പ്രകാരമുള്ള അച്ചടക്കനടപടികൾ സ്വീകരിയ്ക്കാതിരിയ്ക്കാൻ കാരണം എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും താങ്കൾ ലഭ്യമാക്കിയിട്ടുള്ള മേൽവിലാസത്തിലേയ്ക്ക് അയച്ചെങ്കിലും "Absent" എന്ന റിമാർക്ക്സോടുകൂടി തിരികെ ഈ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം താങ്കൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾക്കെതിരെ താങ്കളുടെ രേഖാമൂലമുള്ള വിശദീകരണം ലഭ്യമാക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിയ്ക്കുന്നതായിരിക്കും. കുറ്റാരോപണ മെമ്മോയ്ക്ക് ആധാരമായ വസ്തുതകളെ സംബന്ധിച്ച പ്രമാണങ്ങളുടെ പകർപ്പ് ആവശ്യമുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ട താങ്കളുടെ മേൽവിലാസം രേഖപ്പെടുത്തി, ഈ

നോട്ടീസിൽ പറഞ്ഞിരിക്കുന്ന കാലാവധിയ്ക്ക് മുൻപായി, പൊതുഭരണ സെക്രട്ടേറിയറ്റിലെ പൊതുഭരണ (സർവ്വീസസ്-എ) വകുപ്പ് അഡീഷണൽ സെക്രട്ടറിയിൽ നിന്നും രേഖാമൂലം ആവശ്യപ്പെടാവുന്നതാണ്.

Signed by
Dilip. C. D
Date: 16-05-2025 16:47:57

ദിലീപ്.സി.ഡി
അഡിഷണൽ സെക്രട്ടറി

ശ്രീമതി.ഷമി ഷൗക്കത്ത്
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്
Al Firdous
Maruthoor
Neyyattinkara, Thiruvananthapuram-695121.